I/72872/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. **പ്രിയങ്ക.ജി.** IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് – സാധുക്കളായ വിധവകളെ സംരക്ഷിക്കുന്നവർക്കുള്ള ധനസഹായം- അഭയകിരണം പദ്ധതി- 2022-23– ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ.(സാധാ)നം. 296/2021/സാ.നീ.വ. തീയതി. 14.05.2021
2. ഈ കാര്യാലയത്തിലെ 25.09.2022, 02.11.2022 തീയതികളിലെ ഇതേ നമ്പർ പരിപത്രം
3. പത്തനംതിട്ട DWCDO യുടെ 24/11/2022 ലെ WCD/PTA/A2-1776/22 നം.കത്ത്
4. കോട്ടയം DWCDO യുടെ 05/12/2022 ലെ DWCDO/(K)D/1483/21 നം.കത്ത്
5. പാലക്കാട് DWCDO യുടെ 14/12/2022 ലെ DWCDO/PKD/F-2612/22 നം.കത്ത്
6. മലപ്പുറം DWCDO യുടെ 14/12/2022 ലെ DWCDO/MPM/E-2667/22 നം.കത്ത്
7. വയനാട് DWCDO യുടെ 21/11/2022 ലെ C-750/21 നം.കത്ത്
8. കാസർഗോഡ് DWCDO യുടെ 30/11/2022 ലെ DWCDO/KSD/A5- 2464/2022 നം കത്ത്.

**ഉത്തരവ് നം. DWCD/3250/2022-WEC2 തീയതി: 22-12-2022**

അശരണരായ വിധവകളെ സംരക്ഷിക്കുന്നവർക്ക് ധനസഹായം നൽകുന്ന 'അഭയകിരണം' പദ്ധതിയ്ക്കായി 1,17,00,000/- രൂപ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതൊരു തുടർ പദ്ധതി ആയതിനാൽ പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം അപേക്ഷകൾ സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം ജില്ലാ വനിത ശിശു വികസന ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. പരാമർശം (1)(2) പ്രകാരമുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അഭയകിരണം പദ്ധതി പ്രകാരം ജില്ലാതലത്തിൽ ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ധനസഹായത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുകയും ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) മുതൽ (8) വരെ ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ അഭയകിരണം പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി ചുവടെ വിവരിയ്ക്കുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം തുകയായ 6,87,000/- (ആറ് ലക്ഷത്തി എൺപത്തിയേഴായിരം രൂപ മാത്രം) ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| | | 2021-22 വർഷം ധനസഹായം | 2022-23 വർഷം | ആകെ | ആകെ |
|---|---|---|---|---|---|

I/72872/2022

| ക്രമ നം. | ജില്ല | ലഭിച്ചവർക്ക് 2023 ഫെബ്രുവരി വരെ അനുവദിക്കേണ്ടതുക | പുതുതായി അപേക്ഷിച്ചവർക്ക് അനുവദിക്കേണ്ട തുക | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിക്കാവുന്ന തുക |
|---|---|---|---|---|---|
| 1 | പത്തനംതിട്ട | 180000 | 19000 | 20 | 199000 |
| 2 | കോട്ടയം | 72000 | 5000 | 7 | 77000 |
| 3 | പാലക്കാട് | 108000 | 40000 | 20 | 148000 |
| 4 | മലപ്പുറം | | 30000 | 8 | 30000 |
| 5 | വയനാട് | 144000 | 8000 | 16 | 152000 |
| 6 | കാസർഗോഡ് | 60000 | 21000 | 12 | 81000 |
| | **ആകെ** | **564000** | **123000** | **83** | **687000** |

(ആറ് ലക്ഷത്തി എൺപത്തിയേഴായിരം രൂപ മാത്രം)

മേൽ വിവരിച്ച പ്രകാരം ചെലവ് വരുന്ന തുകയായ 6,87.000/- (ആറ് ലക്ഷത്തി എൺപത്തിയേഴായിരം രൂപ മാത്രം) 2235-02-103-68-03 (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ചിട്ടുള്ള തുക മാറി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്.

പരാമർശം (2)(3) പരിപത്രങ്ങളിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ തുക അനുവദിച്ച് നൽകുവാൻ പാടുള്ളൂ. തുക അനുവദിച്ച് നൽകിയതിന് ശേഷം ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന
ഓഫീസർമാർക്ക്

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ് :

1. സൂപ്രണ്ട് എ, സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിനായി)
2. സ്റ്റോക്ക് ഫയൽ/ സ്പെയർ

Signed by Priyanka G
Date: 22-12-2022 23:53:08